# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4650

12/12/2014 ൽ മറുപടിക്ക്

## സൗജന്യ സ്കൂൾ യൂണിഫോം വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, എളമരം കരീം<br>,, എം.ചന്ദ്രൻ<br>,, ബി.ഡി. ദേവസ്സി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സൗജന്യ സ്കൂൾ യൂണിഫോം വിതരണ പദ്ധതിയിൽ ഏതെല്ലാം വിഭാഗം വിദ്യാർത്ഥികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവർക്ക് ഈ അദ്ധ്യയന വർഷം യൂണിഫോം വിതരണം ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) നിലവിൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺ കുട്ടികൾ ഒഴികെയുള്ള 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണപദ്ധതി നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നില്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുവാനാണ് 2013-14 അദ്ധ്യയന വർഷം ഈ പദ്ധതി എയ്ഡഡ് സ്കൂൾ മേഖലയിലെ വിദ്യാർത്ഥികൾക്കുകൂടി നൽകാൻ സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്കരിച്ചത്. ഈ അധ്യയന വർഷം (2014-15) ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് പുതിയതായി എയ്ഡഡ് സ്കൂളിൽ ചേരുന്ന കുട്ടികൾക്ക് യൂണിഫോമിന് തുകയായി 400/- രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മുൻവർഷം യൂണിഫോം ലഭിച്ചിരുന്ന ഏതെങ്കിലും വിഭാഗം വിദ്യാർത്ഥികളെ ഇത്തവണ യൂണിഫോം വിതരണ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ; | (ബി) കഴിഞ്ഞ അധ്യയന വർഷം (2013-14) 1 മുതൽ 8 -ാം ക്ലാസ്സ് വരെ എ.പി.എൽ വിഭാഗത്തിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികളെയുമാണ് യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഈ അദ്ധ്യയന വർഷം (2014-15) പുതിയതായി എയ്ഡഡ് സ്കൂളിൽ ചേരുന്ന കുട്ടികൾക്ക് |

യൂണിഫോമിന്റെ തുകയായി 400/- രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ ഉത്തരവ് ആയിട്ടുള്ളത്.

(സി) കഴിഞ്ഞ വർഷം യൂണിഫോം വിതരണം ചെയ്തതിന്റെ പണം കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ; കുടിശ്ശിക എത്ര; നൽകാൻ കഴിയാത്തതിന്റെ കാരണമെന്ത്;

(ഡി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി സ്കൂൾ യൂണിഫോം വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷത്തെ യൂണിഫോം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

(സി) & (ഡി) & (ഇ) കഴിഞ്ഞ വർഷം യൂണിഫോം വിതരണം ചെയ്തതിന്റെ തുക പൂർണ്ണമായി കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടില്ല. 2014 മാർച്ച് മാസത്തിൽ ധനകാര്യ വകുപ്പിന്റെ സാമ്പത്തിക നിയന്ത്രണമുണ്ടായിരുന്നതിനാൽ പല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പണം പിൻവലിക്കുവാൻ കഴിയാതെ വന്നു. അങ്ങനെ പിൻവലിക്കുവാൻ കഴിയാതെവന്ന തുക പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുക പിൻവലിക്കുന്നതിനും കോഴിക്കോട് ജില്ലക്കാവശ്യമായ രണ്ടാം ഗഡു തുകയായ 5 കോടി രൂപ 2014-15 ഉപധനാഭ്യാർത്ഥനയിൽ അനുവദിച്ചിരുന്ന തുകയിൽ നിന്നും നൽകുന്നതിനുമുള്ള അനുമതിക്കായി ധനകാര്യ വകുപ്പിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതിയോടെ 2014 ഡിസംബർ മാസത്തിൽ തന്നെ യൂണിഫോമിന് ആവശ്യമായ തുക ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ